<u>പതിമൂന്നാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1037

14.06.2012 ൽ
മറുപടിയ്ക്ക്

<u>കടലോര പ്രദേശങ്ങളിലെ ഭൂമി കയ്യേറ്റം</u>

| <u>ചോദ്യം</u><br>ശ്രീമതി ഗീതാ ഗോപി | | <u>ഉത്തരം</u><br>ശ്രീ.അടൂർ പ്രകാശ്<br>(ബഹു.റവന്യു വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്തെ കടലോര പ്രദേശങ്ങളിൽ സർക്കാർ ഭൂമി വ്യാപകമായി സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;; | എ) | തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിലെ വർക്കല വില്ലേജിലും നെയ്യാറ്റിൻകര താലൂക്കിലെ കോട്ടുക്കൽ, വിഴിഞ്ഞം വില്ലേജുകളിലും സമുദ്രതീര പുറമ്പോക്ക് അനധികൃതമായി കയ്യേറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീരപ്രദേശമുള്ള മറ്റ് ജില്ലകളിൽ സർക്കാർ ഭൂമി വ്യാപകമായി സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | എങ്കിൽ ഈ ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ബി) | കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി തിരിച്ചു പിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ